# കൊറോണാ വൈറസ് രോഗത്തിൽ (കോവിഡ്–19) നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് ഖത്തർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?



- എല്ലാ രാജ്യങ്ങളിൽ നിന്നും ദോഹയിലേക്ക് പ്രവേശിക്കുന്ന യാത്രക്കാർക്ക് ഹമദ് അന്താരാഷ്ട്ര വിമാനത്താവളത്തിലും സീ പോർട്ടുകളിലും ശക്തമായ തെർമർ സ്ക്രീനിംഗ് നടപടിക്രമങ്ങൾ. സ്ക്രീനിംഗ് കോവിഡ്– 19ന്റെ പൊതുവായ രോഗലക്ഷണങ്ങളിലൊന്നായ പനിയുള്ള യാത്രക്കാരെ തിരിച്ചറിയാൻ സാഹയിക്കുന്നതാണ്.
- വിമാനത്താവളത്തിലെ സംശയിക്കപ്പെടുന്ന എല്ലാ യാത്രക്കാരുടെയും അഭിമുഖവും പരിശോധനകളും നടത്തുന്നതിന് ഹമദ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഒരു സ്പെഷ്യൽ ക്ലിനിക്ക്.
- ക്വാറൻറൈൻ മാനദണ്ഡങ്ങൾ പുലർത്തുന്ന ആളുകൾക്കായി മിനിസ്ട്രി ഓഫ് പബ്ലിക് ഹെൽത്ത് റെസിഡൻഷ്യൽ താമസസൗകര്യം ഒരുക്കിയിട്ടുണ്ട്.
- ആരോഗ്യപരിചരണ പ്രവർത്തകർക്ക് അധിക പരിശീലനം, അണുബാധ തടയലും നിയന്ത്രണവും, ലബോറട്ടറി നടപടിക്രമങ്ങൾ എന്നിവയെല്ലാം മുൻഗണന നല്കിയിട്ടുണ്ട്.
- ഒരു സമർപ്പിത ദേശീയ വെബ്സൈറ്റ്, മെഡിക്കൽ വിദഗ്ദ്ധരുമൊത്തുള്ള ടി.വി., റേഡിയോ ഇൻറർവ്യൂകൾ, ക്രമമായ സാമൂഹ്യ മാധ്യമ സന്ദേശമയയ്ക്കൽ, വർത്തമാനപത്ര കവറേജ് എന്നിവ അടങ്ങിയ ഒരു പൊതുജന ബോധവത്കരണ യജ്ഞം. ഈ പ്രവർത്തനങ്ങളിൽ അറബിക്, ഇംഗ്ലീഷ്, ഹിന്ദി, മലയാളം, ഫ്രഞ്ച്, ചൈനീസ് ഭാഷകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ലോകാരോഗ്യ സംഘടന നിർദേശങ്ങൾക്കനുസൃതമായി ശ്വസനസംബന്ധമായ അണുബാധകളുടെ സംശയിക്കപ്പെടുന്ന ഒരു കേസും വിട്ടുപോകുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ആശുപത്രികളിലും തീവ്രപരിചരണ യൂണിറ്റുകളിലും ക്രമമായ സജീവ നിരീക്ഷണ സന്ദർശനങ്ങൾ നടത്താൻ ആരോഗ്യ സംരക്ഷണ, പകർച്ചവ്യാധി നിയന്ത്രണ സംഘങ്ങളേയും നിയോഗിച്ചിട്ടുണ്ട്.

State of Qatar · Ministry of Public Health

مؤسسة حمد الطبية Hamad Medical Corporation · حمد Hamad · HEALTH · EDUCATION · RESEARCH · صحة · تعليم · بحوث

مؤسسة الرعاية الصحية الأولية PRIMARY HEALTH CARE CORPORATION

الهلال الأحمر القطري Qatar Red Crescent

**നോവൽ കൊറോണാ വൈറസ് (കോവിഡ്– 19) സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് www.moph.gov.qa സന്ദർശിക്കുക അല്ലെങ്കിൽ 16000 എന്ന നമ്പറിലേക്ക് വിളിക്കുക**